(ബി) ചികിത്സാ സഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അപേക്ഷകൾ ശിപാർശ ചെയ്യുന്ന എം.എൽ.എ. മാർക്കും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ആയതനുസരിച്ചുള്ള ഫണ്ടിന്റെ ലഭ്യതക്കുറവും കാരണം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന തുകവിതരണം ചെയ്യുന്നതിലെ കാലതാമസം

90 (3721) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചതിൽ കൊല്ലം ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷമായി വിതരണം ചെയ്യാതെ ബാക്കിയുള്ളത് എത്ര തുകയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വില്ലേജുകളിൽനിന്നും കൃത്യമായി അറിയിപ്പ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനായി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുകയിൽ കഴിഞ്ഞ രണ്ട് വർഷമായിട്ടും വിതരണം ചെയ്യാനായി തുകയൊന്നും അവശേഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തുക അനുവദിക്കപ്പെട്ട കക്ഷികൾക്ക് വില്ലേജ് ഓഫീസ് മുഖാന്തിരവും പോസ്റ്റ് ഓഫീസ് മുഖാന്തിരവും നിരവധി അറിയിപ്പുകൾ നൽകിയിട്ടും തുക കൈപ്പറ്റാൻ ഹാജരാകാത്തതും ഇരട്ടിപ്പായി തുക അനുവദിക്കപ്പെട്ടതുമായ കേസ്സുകൾ ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് തിരിച്ചടപ്പിച്ച് പിന്നീട് വരുന്ന ഉത്തരവുകൾക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്.

(ബി) തുക അനുവദിച്ചത് സംബന്ധിച്ച് വില്ലേജ് ഓഫീസ് മുഖാന്തരം കക്ഷികൾക്ക് അറിയിപ്പ് നൽകുന്നുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം

91 (3722) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര തുക മുഖ്യമന്ത്രി നേരിട്ടനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) മുഖ്യമന്ത്രി അനുവദിച്ച തുകയിൽ എത്ര തുക ഇതിനകം അപേക്ഷകർക്ക് ലഭ്യമാക്കിയെന്ന് വെളിപ്പെടുത്താമോ ;

(സി) മുഖ്യമന്ത്രി അനുവദിച്ച തുകയിൽ 80% തുകയും ഇനിയും വിതരണം ചെയ്തിട്ടില്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ ആകെ 361,65,64,590 രൂപ (മുന്നൂറ്റി അറുപത്തൊന്ന് കോടി അറുപത്തഞ്ച് ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിൽ 332,38,41,800 (മുന്നൂറ്റിമുപ്പത്തിരണ്ടു കോടി മുപ്പത്തിയെട്ടു ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി എണ്ണൂറ് രൂപ മാത്രം) ജില്ലാ കളക്ടർമാർക്കായി അനുവദിച്ചതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-എ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.* മുഖ്യമന്ത്രി നേരിട്ട് അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയ തുകയുടെ വിവരം വേർതിരിച്ച് സൂക്ഷിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.